കോട്ടയ്ക്കൽ ആയുർവ്വേദിക് മാനസികരോഗാശുപത്രിയ്ക്ക് കെട്ടിടം പണിയാൻ നടപടി

68 [76] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ സ്ഥിതിചെയ്യുന്ന ആയുർവ്വേദ മാനസികരോഗാശുപത്രിയ്ക്ക് സ്വന്തമായി കെട്ടിടം പണിയുന്ന നടപടി എത്രത്തോളമായെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ആശുപത്രിക്ക് കെട്ടിടം പണിയുന്നതിനായി സ്ഥലം അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ പ്രവേശന ഫീസ്

69 [77] ശ്രീ. എ.കെ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രി സന്ദർശകരിൽനിന്ന് പ്രവേശനഫീസ് ഈടാക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്നു മുതലാണ് ഈടാക്കൽ തുടങ്ങിയത്;

(സി) ഇതേവരെ എത്ര രൂപ ഈ ഇനത്തിൽ ലഭിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) 1985 ആഗസ്റ്റ് മുതൽ.

(സി) ഏകദേശം 8 ലക്ഷം രൂപ ഈ ഇനത്തിൽ ലഭിച്ചിട്ടുണ്ട്.

ഡോക്ടർമാരുടെ ട്രാൻസ്ഫർ

70 [78] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ പ്രാവശ്യം ഡോക്ടർമാരെ ട്രാൻസ്ഫർ ചെയ്യുന്നതിനു സ്വീകരിച്ച മാനദണ്ഡമെന്തായിരുന്നു?

ഉത്തരം

3-4-1984-ലെ ഗവൺമെന്റ് ഉത്തരവ് (എം.എസ്) 89/84/എച്ച്.ഡിയിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്കടിസ്ഥാനമായാണ് ഈ വർഷം ആരോഗ്യ വകുപ്പിലെ ഡോക്ടർമാരുടെ സ്ഥലം മാറ്റം നടത്തിയത്. മേൽ പറഞ്ഞ സർക്കാർ ഉത്തരവിന്റെ ഒരു പകർപ്പ് ഇതിനോടനുബന്ധമായി ചേർത്തിരിക്കുന്നു.

*അനുബന്ധം XII

LIBRARY ARCHIVES Kerala Legislative Assembly